പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2870 20.06.2013 -ൽ മറുപടിക്ക്

# പൊതു ടോയ്‌ലറ്റുകളും ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതു ടോയ്‌ലറ്റുകളും ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് കമ്പിനികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്, ആശ്വാസ് പബ്ലിക് അമനിറ്റീസ് കേരള ലിമിറ്റഡ് എന്നീ രണ്ടു കമ്പനികൾ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം കമ്പനികൾ രൂപീകരിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിൽ യാത്രക്കാർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായി ബസ് കാത്തിരിക്കുന്നതിന് ശാസ്ത്രീയമായി രൂപകൽപന ചെയ്ത ബസ് ഷെൽട്ടറുകൾ നിർമ്മിക്കുക, അതിന്റെ സംരക്ഷണവും പരിപാലനവും നടത്തുക, പദ്ധതിയിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക തുടങ്ങിയവയാണ് "പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.<br>നഗരങ്ങളിലെത്തുന്ന യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വേണ്ടി വൃത്തിയുള്ളതും ശുചിത്വമുള്ളതുമായ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും അതിന്റെ പരിപാലനത്തിനും മേൽനോട്ടം വഹിക്കുകയാണ് "ആശ്വാസ് പബ്ലിക് അമനിറ്റീസ് കേരള ലിമിറ്റഡ്" കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) ഇതിനായി സ്വകാര്യ പങ്കാളിത്തം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ വിശദാംശങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ